LIBRARY ARCHIVES Kerala Legislative Assembly

പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി പൂർത്തീകരണത്തിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് NABARD TRANCHE XXIII-ൽ 3525 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പാക്കേജ് I-ൽ ഉൾപ്പെട്ടിട്ടുള്ള കിണർ, പമ്പിംഗ് മെയിൻ ശുദ്ധീകരണശാല എന്നിവയുടെ 51% പ്രവൃത്തിയും പാക്കേജ് II-ലുള്ള ഗ്രാവിറ്റി മെയിനിന്റെ 75% വും പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് III-ലുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനാവശ്യമായ 8.83 കി.മീ. പൈപ്പുകളിൽ 1.80 കി.മീ. കരാറുകാരൻ വിതരണം ചെയ്തിട്ടുണ്ട്. ടാങ്കുകളും നിർമ്മാണം ആരംഭിച്ചിട്ടില്ല. പാക്കേജ് IV-ൽ ഉൾപ്പെട്ടിട്ടുള്ള ടാങ്കുകളുടെയും ട്രാൻസ്മിഷൻ മെയിനും നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ഇതുവരെ ആരും ഏറ്റെടുത്തില്ല. ടെണ്ടർ തുറക്കുന്ന തീയതി 05-06-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തി ദ്രുതഗതിയിൽ തീർക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ

187(693) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതും കുടിവെള്ളം വലിയ തോതിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ പൊട്ടുന്നത് കാരണം കുടിവെള്ളം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

നിലവിൽ അമൃത്, കിഫ്ബി, Sustainability Support to Community Managed Water Supply Scheme എന്നീ പദ്ധതികൾ വഴി പൊട്ടിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ - കൈതക്കൊല്ലി റോഡിൽ ജലവിതരണ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതും ജലം

പാഴാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ കൈതക്കൊല്ലി റോഡിൽ പി.ഡബ്ല്യു.ഡി റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ തകരാറിലായിട്ടുണ്ട്. ഇത് മാറ്റിസ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു

കുടിവെള്ള പദ്ധതി

188(694) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രവീതമാണെന്നും നിർമ്മാണപ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും വിശദീകരിക്കുമോ;

&

(സി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി നടത്തിയ പ്രവൃത്തികൾ

189(695) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുവഴി നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly